**പാഠം 9 നവംബർ 25 ഡിസംബർ 1**

# ശിക്ഷാവിധിയില്ല

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമ. 8:1–17.**

**മനഃപാഠവാക്യം: "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു റോമ. 8:1.**

റോമ. 7–ാം അദ്ധ്യായത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരം ആണ് റോമ. 8. റോമ. 7–ാം അദ്ധ്യായത്തിൽ പൗലൊസിന്റെ നിരാശ പരാജയം കുറ്റബോധം എന്നിവ നിഴലിച്ചുകാണാം. റോമ. 8–ാം അദ്ധ്യായത്തിൽ കുറ്റബോധംമാറി പകരം കർത്താവായ യേശുക്രിസ്തുവിൽ സ്വാതന്ത്ര്യവും, വിജയവും പുനഃസ്ഥാപിക്കപ്പെട്ടതായികാണം.

റോമ. 7–ാം അദ്ധ്യായത്തിൽ പൗലൊസ് പറയുന്നത്, നിങ്ങൾ യേശുക്രിസ്തുവിനെ സ്വീകരിക്കുന്നില്ലെങ്കിൽ, ആ അദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്ന എല്ലാ ദുരനുഭവങ്ങളും നിങ്ങൾക്കുണ്ടാകും എന്നാണ്. റോമ.8–ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ, ഇപ്രകാരം പറയുന്നു. "കർത്താവായ യേശുക്രിസ്തു നിങ്ങൾക്ക്, പാപത്തിൽ നിന്നുള്ള വിടുതൽ നൽകുന്നു. നിങ്ങളുടെ ജഡം നിങ്ങളെ അനുവദിക്കാതിരിക്കുന്ന നന്മ ചെയ്യുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്ക് ലഭിക്കുന്നു"

പൗലൊസ് തുടർന്നു പറയുന്നത് ഈ സ്വാതന്ത്ര്യം വൻവില കൊടുത്തു വാങ്ങിയതാണെന്നാണ്. ദൈവപുത്രനായ യേശു, മനുഷ്യാവതാരം എടുത്തു. അപ്രകാരം എടുത്തത് നമ്മളുമായി ബന്ധപ്പെടുന്നതിനും, നമുക്ക് ഒരു സമ്പൂർണ്ണ മാതൃക ആകുന്നതിനും നമുക്ക് ഒരു പകരക്കാരനായി മരിക്കുന്നതിനുംവേണ്ടി ആയിരുന്നു. അതിനുള്ള ഒരേയൊരു മാർഗ്ഗവും അതുമാത്രമായിരുന്നു. മറ്റൊരാർത്ഥത്തിൽ പറഞ്ഞാൽ, യേശുക്രിസ്തു പാപത്തിനുമേൽ വിജയം വരിക്കുകയും വിശ്വസിക്കുന്ന ഏവർക്കും ന്യായപ്രമാണം അനുശാസിക്കുന്ന ഉറപ്പ് നേടിക്കൊടുക്കുകയും ചെയ്തു. രക്ഷയ്ക്കായുള്ള ഒരു മാർഗ്ഗമായിട്ടല്ല. എന്നാൽ രക്ഷയുടെ ഫലമായിട്ടാണ് അപ്രകാരം ലഭിക്കുന്നത്. ന്യായപ്രമാണാനുസരണം രക്ഷയ്ക്കുള്ള ഒരു മാർഗ്ഗമേയല്ല എന്നാണ് പൗലൊസിനും ലൂഥറും സാക്ഷീകരിക്കുന്നത്. ആ സാക്ഷ്യം നമ്മുടേതും ആയിരിക്കണം.

**ഞായർ നവംബർ 26**

**കർത്താവായ യേശുക്രിസ്തുവിൽ**

**"അതുകൊണ്ട് ഇപ്പോൾ ക്രിസ്തേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല" (റോമ. 8:1). ശിക്ഷാവിധിയില്ല എന്നു പറഞ്ഞാൽ എന്താണ്? എന്തിൽ നിന്നാണ് ശിക്ഷാവിധിയില്ലാതിരിക്കുന്നത്? ഇതൊരു സുവാർത്തയാകാൻ കാരണമെന്താണ്.**

പൗലൊസിന്റെ എഴുത്തുകളിൽ "യേശുക്രിസ്തുവിൽ" എന്ന പ്രയോഗം ഒരു പ്രത്യേക വാക്യാംശമായ പദസമുച്ചയം ആണ്. ഒരു വ്യക്തി യേശുക്രിസ്തുവിൽ ആണെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് അവനോ, അവളോ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു എന്നാണ് ആ വ്യക്തി യേശുവിനെ നിരുപാധികം വിശ്വസിക്കുന്നു എന്നുമാത്രമല്ല, യേശുക്രിസ്തുവിന്റെ വഴി, അവന്റെയോ, അവളുടെയോ സ്വന്തം മാർഗ്ഗമായി കരുതുകയും ചെയ്യും.

യേശുക്രിസ്തുവിൽ എന്നുള്ളത് ജഡത്തിനെതിരാണ്. 7-ാം അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്ന അനുഭവങ്ങൾക്കും എതിരാണ്. ജഡീകാഭിലാഷങ്ങൾക്ക് അടിമപ്പെട്ട ഒരാൾ, യേശുവിനായി സമർപ്പിക്കുന്നതിനു മുമ്പായി, മാനസാന്തരത്തിന്റെ അനുഭവത്തിലായാലും, അവനോ, അവളോ പാപത്തിനടിമയായയണെന്നാണ് റോമ. 7-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരി ക്കുന്നത്. അങ്ങനെയുള്ള ആൾ മരണ ശിക്ഷയ്ക്ക് വിധേയരാണ് (റോമ. 7:11,13,24). അങ്ങനെയുള്ളവർ പാപത്തിന്റെ ന്യായപ്രമാണത്തെ സേവിക്കുന്നു. ഈ വ്യക്തി ഇപ്പോൾ ഭീതിജനകമായ ഒരു ദയനീയാവസ്ഥയിൽ ആണ് (റോമ. 7:24).

എന്നാൽ, ഒരു വ്യക്തി യേശുവിനായി തന്നെ സമർപ്പിച്ചാൽ, തൽക്ഷണം, യേശുവുമായിട്ടുള്ള അവന്റെ ബന്ധത്തിൽ ഒരു പരിവർത്തനം ഉണ്ടാകുന്നു. മുമ്പ് ന്യായപ്രമാണ ലംഘിയായി കരുതിയിരിക്കുന്ന വ്യക്തി ഇപ്പോൾ ദൈവ മുമ്പാകെ ഒരു പാപവും ചെയ്യാത്തവനെപ്പോലെ സമ്പൂർണ്ണനായി നിൽകുന്നു. ഇനിയും അവന് ശിക്ഷാ വിധിയില്ല. അതിന്റെ കാരണം അവൻ തെറ്റുകാരനോ, പാപിയോ അല്ലാത്തതുകൊണ്ടല്ല. പിന്നെയോ യേശുക്രിസ്തുവിന്റെ ഊനമില്ലായ്മ (യേശുവിന്റെ സമ്പൂർണ്ണത) ആ വ്യക്തിയുടെമേൽ സുരക്ഷിത ആവരണമായിട്ടുള്ളതുകൊണ്ടാണ്. എന്നാൽ ഈ സുവാർത്ത ഇവിടെ അവസാനിക്കുന്നില്ല.

**ഒരു വ്യകതിക്ക് പാപത്തിന്റെ അടിമത്വത്തിൽ നിന്നും മോചനം കൊടുക്കുന്നത് എന്താണ്? (റോമ. 8:2).**

'ജീവന്റെ ആത്മാവിന്റെ പ്രമാണം' എന്നുവച്ചാൽ, മനുഷ്യവർഗ്ഗത്തിനായുള്ള ക്രിസ്തുവിന്റെ രക്ഷാപദ്ധതിയാണ്. ജീവന്റെ ആത്മാവിനെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിന് എതിരാണ്. ഇത് വളരെ വ്യക്തമായി റോമ. 7-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. പാപം ആണ് അതിൽ അധികാരം നടത്തിയിരിക്കുന്നത്. അതിന്റെ അവസാനം മരണമാണ്. എന്നാൽ ക്രിസ്തു ന്യായപ്രമാണ സ്വതന്ത്ര്യവും നിത്യജീവനും കൊണ്ടുവരുന്നു.

**"ദൈവത്തിനായി സമർപ്പിക്കാൻ വിമുഖത കാണിക്കുന്ന ഓരോ ആത്മാവും വേറൊരു ശക്തിയുടെ അധീനതയിൽ ആണ്. അവൻ അവന്റേതല്ല. ഒരു പക്ഷേ അവൻ സ്വാതന്ത്ര്യത്തെപ്പറ്റി സംസാരിച്ചേക്കും. എന്നാൽ അവൻ ഏറ്റവും ദുരിതപൂർണ്ണമായ പാപാടിമത്വത്തിൽ ആണ്. സ്വന്തം തീരുമാനത്തിനു മുൻതൂക്കം കൊടുത്തുകൊണ്ടാണ് ജീവിക്കുന്നതെന്ന് സ്വയം അവനെത്തന്നെ പുകഴ്ത്തുമ്പോഴും അന്ധകാരത്തിന്റെ പ്രഭുവിന്റെ ഇഷ്ടമാണ് അവനെ ഭരിക്കുന്നത്. പാപാടിമത്വ ചങ്ങലകൾ പൊട്ടിച്ച് ആത്മാവിന് സ്വാതന്ത്ര്യം നൽകാൻ ആണ് യേശുക്രിസ്തുവന്നത്. EGW, The Desire of Ages, P 466. നിങ്ങൾ ഒരു**

**അടിമയാണോ, അതോ യേശുക്രിസ്തുവിൽ സ്വതന്ത്രനാണോ?. എങ്ങനെ തിരിച്ചറിയാം?**

**തിങ്കൾ** **നവംബർ 27**

**ന്യായപ്രമാണത്തിന് ചെയ്യാൻ കഴിയാത്തത് എന്താണ്?**

ന്യായപ്രമാണം എത്ര മേത്തരമായാലും ആചാരാനുഷ്ഠാന ന്യായപ്രമാണവും സാന്മാർഗ്ഗിക ന്യായപ്രമാണം അല്ലെങ്കിൽ അവ രണ്ടും അത് നമുക്ക് ഏറ്റവും അത്യാവശ്യമായി എന്താണോ ചെയ്യേണ്ടത് അതുചെയ്യാൻ കഴിയാതെ വരുന്നു. എന്നുവെച്ചാൽ രക്ഷയ്ക്കുള്ള മാർഗ്ഗവും, ശിക്ഷാവിധിയിൽ നിന്നും തന്മൂലം മരണത്തിൽ നിന്നുമുള്ള വിടുതലും നൽകാൻ ന്യായപ്രമാണത്തിനു കഴിയുകയില്ല.

**വായിക്കുക: റോമ. 8:3,4. ന്യായപ്രമാണത്തിന് അതിന്റെ പ്രകൃത്യാലുള്ള രീതിക്ക് ചെയ്യാൻ കഴിയാത്തത് എന്താണ്? യേശുക്രിസ്തു എന്താണ് ചെയ്തത്.**

അതിനു പരിഹാരമായി ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ പാപം നിമിത്തവും അയച്ചു. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, രക്ഷാപദ്ധതിയുടെ ഏറ്റവും കാതലായ കാൽവെയ്പ്പ് തന്നെയാണ്. ശരിയാണ്, ക്രൂശിനെ ഉയർത്തി കാണിക്കേണ്ടത് തന്നെ. എന്നാൽ രക്ഷാ പദ്ധതിയിൽ യേശുക്രിസ്തുവിന്റെ ജീവൻ, പാപജഡത്തിന്റെ സാദൃശത്തിൽ അവതരിച്ചത് ഏറ്റവും മഹനീയ സംഭവം ആണ്.

ദൈവം യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് അയച്ചതുമൂലം, ന്യായപ്രമാണത്തിൻകൂടെയുള്ള നീതീകരണത്തിന്റെ ആവശ്യഘടകങ്ങൾ പാലിക്കാൻ കഴിയും. എന്നുവച്ചാൽ ന്യായപ്രമാണം ആവശ്യപ്പെടുന്ന ശരിയായ കാര്യങ്ങൾ ചെയ്യാനാകും. ന്യായപ്രമാണത്തിന്റെ കീഴിൽ (റോമ. 6:14) അസാദ്ധ്യമായിരുന്നത് ഇന്ന് യേശുക്രിസ്തുവിൽ സാധ്യമാണ്.

എന്നാൽ ന്യായപ്രമാണം ആവശ്യപ്പെടുന്നത് ചെയ്യുന്നതുകൊണ്ട്, അത് രക്ഷയ്ക്ക് നിദാനമാകുന്നില്ല എന്ന കാര്യം നാം ഓർക്കണം. അതൊരു മാർഗ്ഗമേയല്ല. ഒരിക്കലും ഒരു മാർഗ്ഗവും ആയിരുന്നില്ല. ദൈവം നൽകിയ ജീവിതം ജീവിക്കുക എന്നതാണ് അതിന്റെ ലളിതമായ അർത്ഥം. എന്നുവച്ചാൽ അനുസര ണത്തിന്റെ ഒരു ജീവിതം. ആ ഒരു ജീവിതത്തിൽ നാം ക്രിസ്തുയേശുവിനുള്ളവർ, ജഡത്തെ അതിന്റെ രാഗമോഹങ്ങളോടെ ക്രൂശിച്ചിരിക്കുന്നു. (ഗലാ. 5:24). ആ ജീവിതത്തിൽ നാം യേശുക്രിസ്തുവിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കും.

റോമ. 8:4 നടക്കുക വിശേഷാർത്ഥമുള്ള ഒരു പദപ്രയോഗമാണിത് വിജയപ്രദമായി തന്നെത്താൻ നയിക്കുക എന്നാണ് ഈ പദം സൂചിപ്പിക്കുന്നത്. 'ജഡം' എന്ന വാക്ക് മാനസാന്തരത്തിനു മുമ്പായാലും പിമ്പായാലും ഉന്മേഷരാഹിത്യമുള്ള വ്യക്തിയെ ആണ് സൂചിപ്പിക്കുന്നത്. ജഡീകാഭിലാഷങ്ങൾക്ക് പിന്നാലെ നടക്കുക എന്നു പറഞ്ഞാൽ സ്വാർത്ഥമോഹങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു എന്നാണ്.

നേരേമറിച്ച് ആത്മാവിനാൽ നടക്കുക എന്നുപറഞ്ഞാൽ ന്യായപ്രമാണം ആവശ്യപ്പെടുന്ന നീതി പൂർത്തികരിക്കുക എന്നാണ്. പരിശുദ്ധാത്മ സഹായത്താൽ

മാത്രമേ ഈ ആവശ്യം പൂർത്തികരിക്കപ്പെടുകയുള്ളു. ന്യായപ്രമാണം ആവശ്യപ്പെടുന്നത് ചെയ്യാനുള്ള സ്വാതന്ത്ര്യം യേശു ക്രിസ്തു മുഖാന്തരമേ ലഭിക്കുന്നുള്ളു. യേശുക്രിസ്തുവിനെ കൂടാതെ അത്തരം സ്വാതന്ത്ര്യമല്ല. പാപത്തിന് അടിമയായ ഒരു പുരുഷനോ, സ്ത്രീക്കോ അവർ ആഗ്രഹിച്ചാൽപ്പോലും നന്മചെയ്യാൻ സാദ്ധ്യമല്ല. (കാണുക. റോമർ 7:15,18).

**എത്ര നന്നായിട്ട് നിങ്ങൾ ന്യായപ്രമാണം കാക്കുന്നു? ന്യായപ്രമാണത്തിൽക്കൂടെ രക്ഷനേടാം എന്ന ധാരണ മാറ്റിവെച്ചാൽ നീതികരണത്തിന്റെ ന്യായ പ്രമാണം നിങ്ങളിൽ സമ്പൂർണ്ണമാണോ? അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ അത് എന്തുകൊണ്ട്? ഏതു തരം മുടന്തൻ ന്യായങ്ങളാണ് നിങ്ങളുടെ പെരുമാറ്റത്തിനുള്ള ന്യായീകരണമായി നിരത്തുന്നത്?**

**ചൊവ്വ നവംബർ 28**

**"ജഡസ്വഭാവുമുള്ളവർ ജഡത്തിനുള്ളതും ആത്മ സ്വാഭാവമുള്ളവർ, ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ." (റോമ. 8:5,6). ഈ വാകൃങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ഇവിടെ നിന്നും എന്ത് അടിസ്ഥാന ദൂതാണ് നമുക്ക് ലഭിക്കുന്നത്? നമ്മൾ ജീവിക്കുന്ന നമ്മുടെ ജീവിതത്തെപ്പറ്റി ഈ വാക്യങ്ങൾ എന്തു പറയുന്നു?**

'കറ്റാ' എന്ന ഗ്രീക്കു പദത്തിന്റെ മൊഴിമാറ്റിയ രുപമാണ് 'ശേഷം', 'മനസ്സ്' എന്നീവാക്കുകൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് 'ശ്രദ്ധകേന്ദ്രീകരിക്കുക' എന്ന അർത്ഥത്തിലാണ്. ഒരു കൂട്ടം ആളുകൾ അവരുടെ പ്രകൃതിദത്ത മോഹങ്ങൾ പൂർത്തികരിക്കുന്നതിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മറ്റേ കൂട്ടർ ദൈവം നിർദ്ദേശിക്കുന്ന ആത്മാവിന്റെ കാര്യങ്ങൾ പൂർത്തികരിക്കുന്നതിന് അവരുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കാരണം മനസ്സ് നമ്മുടെ പ്രവൃത്തി നിയന്ത്രിക്കുന്നു. രണ്ടു തരക്കാർ ഇവിടെ വ്യത്യസ്ഥമായി പെരുമാറുന്നു.

**ജഡീക മനസ്സിന് എന്താണ് ചെയ്യാൻ കഴിയാത്തത്? റോമ. 8:7,8.**

ജഡത്തിന്റെ അഭിനിവേശം പൂർത്തികരിക്കാൻ ഒരാളുടെ മനസ്സ് തീരുമാനിച്ചാൽ അത് യഥാർത്ഥത്തിൽ ദൈവത്തോട് ശത്രുത്വം ആണ്. അങ്ങനെ ഒരാളുടെ മനസ്സ് തീരുമാനം എടുത്താൽ അത് ദൈവേഷ്ടത്തിന് എതിരാണ്. ദൈവകല്പന മനഃപൂർവ്വം നിരസിക്കുകയാണ്.

നിങ്ങൾ, ദൈവത്തിൽ നിന്നും അകലെയാണെങ്കിൽ, ദൈവത്തിന്റെ ന്യായപ്രമാണം അനുസരിക്കുന്നത്, അസാദ്ധ്യമാണെന്ന സത്യം കൂടുതൽ ശക്തിയോട് ഊന്നിപ്പറയാൻ പൗലൊസ് ആഗ്രഹിക്കുന്നു. വീണ്ടും വീണ്ടും ഈ സത്യത്തിലേക്ക് പൗലൊസ് മടങ്ങിവരുന്നു. എത്ര ശക്തമായി പ്രതികരിച്ചാലും ദൈവത്തെക്കൂടാതെ ആർക്കും ന്യായപ്രമാണം അനുസരിക്കാൻ സാദ്ധ്യമല്ല.

യെഹൂദന് അവന്റെ രക്ഷയ്ക്ക് ന്യായപ്രമാണം (തോറ) മാത്രം പോരാ എന്ന് അവരെ മനസ്സിലാക്കിക്കൊടുക്കാൻ പൗലൊസ് പ്രത്യേകമായി ആഗ്രഹിക്കുന്നു. സ്വർഗ്ഗീയ വെളിപ്പെടുത്തൽ ഉണ്ടായിട്ടുപ്പോലും, അവരുടെ സ്വഭാവംകൊണ്ട് ജാതികളുടെ അതേ പാപം തന്നെ അവർ തുടർന്ന് കുറ്റക്കാരായിമാറി (റോമ. 2).

അവർക്ക്, മശീഹാ വേണമെന്നുള്ളതാണ് ഇതിൽ നിന്നും ലഭിക്കുന്ന ശക്തമായ ദൂത്. യേശുക്രിസ്തുവിനെക്കൂടാതെ അവർ പാപത്തിന് അടിമകൾ ആണ്. പാപത്തിന്റെ ആധീനതയിൽ നിന്നും തനിയെ അവർക്ക് രക്ഷനേടാൻ, സാദ്ധ്യമല്ല.

പഴയനിയമം രക്ഷയ്ക്ക് മതിയാകുന്നതല്ല എന്ന വസ്തുത യെഹൂദന്മാർ ഗ്രഹിക്കുന്നില്ല. എന്തുകൊണ്ട് മതിയാകുന്നതല്ല എന്ന അവരുടെ ചോദ്യത്തിന്, പൗലൊസ് കൊടുക്കുന്ന മറുപടിയാണിത്. അവർ ചെയ്യുന്നതെല്ലാം നല്ലതാണെന്നു പൗലൊസ് സമ്മതിക്കുന്നു. എന്നാൽ, ഇപ്പോൾ അവർ യേശുവിനെ മശീഹായായി സ്വീകരിക്കണം. നിങ്ങളുടെ കഴിഞ്ഞുപോയ 24 മണിക്കൂർ സമയം ഒന്നു ശ്രദ്ധിക്കുക. നിങ്ങളുടെ പ്രവൃത്തികൾ ആത്മാവിന്റേതോ, അതോ ജഡത്തിന്റെയോ? എന്തായിരിക്കും നിങ്ങളുടെ ഉത്തരം? ആ ഉത്തരം നിങ്ങളോടു തന്നെ പറയുക. ജഡത്തിന്റേതെങ്കിൽ എന്തു മാറ്റം വരുത്തണം? അത് എങ്ങനെ നിങ്ങൾക്ക് സാധിക്കും?

**ബുധൻ** **നവംബർ 29**

**ക്രിസ്തു നിങ്ങളിൽ**

പൗലൊസ് അതേ വിഷയം തന്നെ തുടരുന്നു. ജീവിതത്തിൽ ഉണ്ടാകുന്ന രണ്ട് സാദ്ധ്യതകളെപ്പറ്റി സംസാരിക്കുന്നു. ഒന്നുകിൽ ആത്മാവിൽ, അതായത് ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ. അത് നമുക്ക് ദാനം ലഭിച്ചതാണ്. മറ്റേത് നമ്മുടെ പാപ ജഡീക സ്വഭാവത്തിന് അനുരൂപമായിട്ടുള്ളത്. ഒന്ന് നിത്യജീവനിലേക്ക് നയിക്കുന്നു. മറ്റേത് നിത്യമരണത്തിലേക്ക് എത്തിക്കുന്നു. ഇതിനുരണ്ടിനും മദ്ധ്യേ ഒരു നിലപാടില്ല. യേശുക്രിസ്തു തന്നെ പറഞ്ഞത് ഇവിടെ പ്രസക്തമാണ്. "എനിക്ക് അനുകൂലമല്ലാത്തവൻ എനിക്ക് പ്രതികൂലം ആകുന്നു. എന്നോട് ചേർക്കാത്തവൻ ചിതറിക്കുന്നു." (മത്താ. 24:30) വക്രതയില്ലാത്തവനായിരിക്ക എന്നത് ദുഷ്കരമാണ്.

**വായിക്കുക: റോമ. 8:9-14. പരിപൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കപ്പെട്ടവർക്ക് എന്താണ് വാഗ്ദത്തം ചെയ്തിരിക്കുന്നത്?**

'ജഡസ്വഭാവമുള്ളവർ', ആത്മാവിന്റെ സ്വഭാവമുള്ളവർക്ക്, എതിരാണ്. ആത്മസ്വഭാവമുള്ളവർ ദൈവത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലാണ്. ഈ ആത്മാവിനെ ഈ അദ്ധ്യായത്തിൽ പൗലൊസ് വിളിക്കുന്നത് ദൈവത്തിന്റെ ആത്മാവ് എന്നാണ്. ഒരു പക്ഷേ ദൈവത്തെ പ്രതിനിധീകരിച്ച്, പരിശുദ്ധാത്മാവിൽക്കൂടെ ക്രിസ്തു ഒരു വിശ്വാസിയുടെ ഹൃദയത്തിൽ വസിക്കുന്നു (റോമ. 8:9,10).

ഈ വാക്യങ്ങളിൽ റോമ. 6:1-11 വരെയുള്ള വേദഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രതിപാദിക്കുന്നു. ആലങ്കാരികമായാണ് പൗലൊസ് ഇവിടെ സംസാരിക്കുന്നത്. സ്നാന സമയത്ത്, പാപശരീരത്തിന് പാപത്തെ പോഷിപ്പിച്ച ശരീരത്തിന് നാശം സംഭവിക്കുന്നു. അതൊരു സംസ്കാരം മാത്രമല്ല, ഒരു ഉയർത്തെഴുന്നേൽപ്പുകൂടിയാണ്. എന്നുവച്ചാൽ, സ്നാനപ്പെട്ട ഒരു വ്യക്തി ജീവന്റെ പുതുക്കത്തിൽ ഉയർത്തെഴുന്നേൽക്കുന്നു, പഴയ മനുഷ്യൻ മരിക്കുന്നു. നിമിഷങ്ങൾതോറും ദിനംതോറും നമുക്കേവർക്കും ലഭിക്കുന്ന അവസരങ്ങൾ നാം ഉപയോഗിക്കണം. മനുഷ്യന്റെ

സ്വാതന്ത്ര്യം ദൈവം ഒരിക്കലും നിഷേധിക്കുന്നില്ല. പാപിയായ പഴയ മനുഷ്യന്റെ, മരണത്തിനുശേഷവും, പാപം ചെയ്യാനുള്ള എല്ലാ സാദ്ധ്യതകളും നിലനില്ക്കുന്നു. കൊലൊസ്സ്യർക്ക് പൗലൊസ് ഇപ്രകാരം എഴുതി. "ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധന, അത്യാഗ്രഹം, ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ." (കൊലൊ. 3:5).

അങ്ങനെ മാനസാന്തരാനുഭവത്തിനുശേഷം പാപത്തിന് എതിരായ സംഘർഷം ഉണ്ടാകുന്നു. ഒരു വ്യക്തി, അയാളിൽ ദൈവാത്മാവ് വസിക്കുന്നുവെങ്കിൽ, ജയാളി ആകുന്നതിന്, ദൈവീക ശക്തി അവനു ലഭിക്കുന്നു എന്നതാണ് വ്യത്യാസം. മാത്ര മല്ല, ഒരു വ്യക്തി അത്ഭുതകരമായി പാപത്തിന്റെ അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചാൽ, അവനോ അവൾക്കോ വീണ്ടും പാപം ചെയ്യാതിരിക്കാൻ ധാർമ്മീക മായ കടപ്പാടുണ്ട്.

**നമ്മൾ അനുവദിച്ചാൽ നമ്മിൽ വസിക്കുന്നത്, യേശുവിനെ മരണത്തിൽ നിന്നും ഉയർപ്പിച്ച അതേ ആത്മവുതന്നെയാണെന്നുള്ള കാര്യം നാം വിസ്മരി ക്കാതെ ഓർത്തുകൊള്ളണം. നമുക്കായി വാഗ്ദത്തം ചെയ്തിട്ടുള്ള ആ ശക്തിയെ ഓർക്കുക. അത് ലഭിക്കുന്നതിൽ നിന്നും എന്താണ് നമ്മെ പിന്തിരി പ്പിക്കുന്നത്?**

**വ്യാഴം** **നവംബർ 30**

**ദത്തെടുപ്പിന്റെ ആത്മാവ്**

**യേശുക്രിസ്തുവുമായുള്ള പുതിയ ബന്ധത്തെ എങ്ങനെയാണ് പൗലൊസ് വിലയിരുത്തുന്നത്? (റോമ. 8:15). ഈ വാഗ്ദത്തിൽ നന്നും എന്തുറപ്പാണ് ഇവിടെ നാം ദർശിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ഇതെങ്ങനെ യഥാർത്ഥ മാക്കാൻ സാധിക്കും?**

പുതിയ ബന്ധം നിർവചിക്കപ്പെട്ടിരിക്കുന്നത് ഭയത്തിൽ നിന്നുമുള്ള ഒരു സ്വാതന്ത്ര്യം എന്നാണ്. ഒരു അടിമ അടിമത്വത്തിൻ കീഴിലാണ്. ഒരു ദാസൻ അവന്റെ യജമാനനെക്കുറിച്ചുള്ള ഭയത്തിലാണ് നിത്യവും കഴിയുന്നത്. അവന്റെ ദീർഘനാളു കളിലെ സേവനത്തിന് ഒരു പ്രത്യേക നേട്ടവും അവന് ലഭിച്ചില്ല.

എന്നാൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച ഒരാൾ അങ്ങനെയല്ല. ഒന്നാമ തായി, അയാൾ സ്വമേധയ സേവനം ചെയ്യുന്നു. രണ്ടാമതായി ഭയലേശമെന്യേ സേവനം ചെയ്യുന്നു. "സ്നേഹത്തിൽ ഭയമില്ല" 1 യോഹ. 4:18. മൂന്നാമതായി, മകനായി ദത്തെടുക്കപ്പെട്ടതിനാൽ എണ്ണിക്കൂടാത്ത സമ്പത്തിന് അവകാശി ആകുന്നു.

അടിമത്വത്തിന്റെ ആത്മാവ് നിയമാനുസൃത മതത്തിന് അനുയോജ്യമായി ജീവിക്കുന്നതിനു പ്രേരണ നൽകുന്നു.

ന്യായപ്രമാണം അവശ്യപ്പെടുന്നവ, സ്വന്തം കഴിവിൽ ആശ്രയിച്ചു പൂർത്തീകരി ക്കുന്നതിനു കഠിനാദ്ധ്വാനം ചെയ്യുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ഉണ്ടായ, കൃപയുടെ ഉടമ്പടിയായ അബ്രഹാമ്യ ഉടമ്പടി, ഉള്ളതാണു നമ്മുടെ ഏറ്റവും വലിയ പ്രത്യാശ." Ellen G White Comments, the SDA Bible Commentary Vol. 6. 1077.

**ദൈവം നമ്മെ മക്കളായി സ്വീകരിച്ചതിന് എന്തുറപ്പാണ് നമുക്കുള്ളത്? റോമർ 8:16.**

നമ്മുടെ അന്തരാത്മാവിന്റെ സാക്ഷ്യം, ദൈവം നമ്മെ സ്വീകരിച്ചു എന്നതിന്റെ തെളിവാണ്. നമ്മൾ സുരക്ഷിതരാണെന്നു വളരെ ലാഘവത്തോടെ ചിന്തിക്കുന്നതു ശരിയല്ല. ലഭിച്ച സത്യവചനത്തിന്റെ വെളിച്ചത്തിനു അനുസൃതമായി ജീവിക്കുന്ന വർക്കു ദൈവം സ്വന്തമക്കളായി സ്വീകരിച്ചു, എന്ന ഉറപ്പിന്റെ അകൃത്രിമമായ ശബ്ദം ശ്രവിക്കാൻ കഴിയും.

റോമർ 8:17 ൽ നാം അവകാശികളാകുന്നു എന്ന് ഉറപ്പായി പറയുന്നു. നമ്മൾ ദൈവത്തിന്റെ കുടുംബാംഗങ്ങൾ എന്നും പറയുന്നു. അവകാശികൾ എന്ന നില യ്ക്ക്, മക്കൾ എന്ന നിലയ്ക്കു നമുക്ക് ആഹ്ലാദകരമായ അവകാശം നമ്മുടെ പിതാ വിൽനിന്നും ലഭിക്കും. ഒന്നും നാം നേടിയതല്ല. ദൈവസന്നിധിയിൽ നമുക്കുള്ള പദവിമൂലം ആണ് അവ നമുക്കു ലഭിക്കുന്നത്. ആ പദവി നമുക്കു നേടിത്തന്നതു കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിൽക്കൂടെ നമുക്കു ലഭിച്ച കൃപയാണ്.

നാം എത്രമാത്രം ദൈവത്തോട് അടുത്താണ്? വാസ്തവത്തിൽ ദൈവത്തെ നിനക്കു അറിയാമോ? അതോ നാമമാത്രമായ അറിവേയുള്ളൂ? രക്ഷിതാവും, സ്രഷ്ടാവുമായ ദൈവത്തോടു വളരെ അടുത്ത ബന്ധം സ്ഥാപിക്കാൻ നമുക്കു എന്തു ചെയ്യാൻ കഴിയും?

**വെള്ളി** **ഡിസംബർ 1**

**കൂടുതൽ ചിന്ത**

ഈ ഭൂമിയിലുള്ള വാസത്തിൽ രക്ഷാപദ്ധതി, ഒരു വിശ്വാസിക്കും, കഷ്ട തയിൽനിന്നോ, പരീക്ഷകളിൽനിന്നോ പരിപൂർണ്ണമായ ഒരു വിടുതലും നൽകുന്നില്ല. നേരെമറിച്ച്, യേശുക്രിസ്തുവിനെ പിൻതുടരാനും അവനോടൊപ്പം കഷ്ടം സഹി ക്കാനും, സ്വയം ത്യജിക്കാനും, അപമാനം ഏല്ക്കാനായിട്ടുമാണു നമ്മെ വിളിച്ചിരി ക്കുന്നത്. അങ്ങനെ കഷ്ടതകളിലും, പീഡനങ്ങളിലും കൂടി കർത്താവിന്റെ സ്വഭാവ ത്തിന്റെ സവിശേഷത മറ്റുള്ളവർക്കു വെളിപ്പെടുത്തിക്കൊടു ക്കണം. കർത്താവിന്റെ കഷ്ടപ്പാടുകളുമായി നാമും പങ്കാളികളായാൽ, നമ്മൾ ജ്ഞാനമുള്ളവരും അച്ചടക്ക മുള്ളവരും ആയിത്തീരും. വരാനിരിക്കുന്ന മഹത്വത്തെപ്പറ്റി മറ്റുള്ളവർക്കു പങ്കു വെയ്ക്കുകയും ചെയ്യാം" The SDA Bible Commentary, Vol. 6, PP 568, 569.

"ദൈവം സിംഹാസനത്തിൽനിന്നും തൂക്കിയിട്ടിരിക്കുന്ന ചങ്ങല ഭൂമിയിലെ ഏറ്റവും താണ കുഴിയിലും എത്തുന്നതാണ്. പാപപങ്കിലമായ ഏതു പടുകുഴിയിൽ നിന്നും എത്ര വലിയ പാപിയായാലും അവനെ രക്ഷിക്കാൻ യേശുമതിയായവനാണ്, ശക്തനാണ്. അവിടെനിന്നും ഉയർത്തി, അവരെ അംഗീകരിക്കുന്നസ്ഥലത്ത്, ദൈവമക്കളായി ക്രിസ്തുവിനോടുകൂടി അനശ്വര അവകാശികളാക്കി മാറ്റും." Ellen G White, Testimonies for the Church. Vol. 7, p 229.

സ്വർഗ്ഗം ഏറ്റവും കൂടുതൽ ആദരിച്ചിരുന്നവൻ, സ്വർഗ്ഗം വിട്ട് ഈ ഭൂമിയിൽ വന്നു മനുഷ്യവേഷം എടുത്തു. വീഴ്ച സംഭവിച്ച ദൂതന്മാർക്ക് ഒരു പാഠമായി. പാപം

പ്രവേശിച്ചിട്ടില്ലാത്ത ലോകത്തിന് ഒരു മാതൃകയും ആയി. ദൈവജനം ദൈവാനുഗ്രഹം പ്രാപിച്ച്, അനുസരണത്തിന്റെയും കല്പനയുടെയും മാർഗ്ഗത്തിൽ നടക്കണം.

"നമുക്കുള്ള മോചനദ്രവ്യം നമ്മുടെ കർത്താവ് കൊടുത്തു. സാത്താന്റെ ചങ്ങലയ്ക്കുള്ളിൽ ആരും അകപ്പെടേണ്ടതില്ല. യേശുക്രിസ്തു സർവ്വശക്തനായ സഹായിയായി നമ്മുടെ മുമ്പിലുണ്ട്." Selected Messages, Book 1, P. 309."

**ചോദ്യങ്ങൾ ചർച്ചയ്ക്ക്**

1. എലൻ ജി. വൈറ്റിന്റെ വെള്ളിയാഴ്ചത്തെ ഉദ്ധരണികൾ വീണ്ടും വായിക്കുക. എന്തു പ്രത്യാശാ ദൂതുകളാണ് അതിൽ നമുക്കായിട്ടുള്ളത്? നമ്മുടെ സ്വന്തം ജീവിതത്തിൽ, ഈ വാഗ്ദത്തങ്ങൾ വിജയങ്ങളാക്കി മാറ്റാൻ കഴിയുമോ? യേശുക്രിസ്തുവിൽ ധാരാളം വാഗ്ദത്തങ്ങൾ നമുക്കായിട്ടുണ്ടെങ്കിലും എന്തുകൊണ്ടാണ് നമുക്കു വീഴ്ചകൾ സംഭവിക്കുന്നത്?

2. എന്തൊക്കെ ആത്മീയ കാര്യങ്ങൾ ആണ് ചിന്തിച്ചു നമ്മുടെ മനസ്സിനെ സജ്ജമാക്കാൻ കഴിയുന്നത്? (റോമർ 8:5) എന്താണ് ആത്മാവ് ആഗ്രഹിക്കുന്നത്? ഇതു നേടുന്നതിന്, നിങ്ങൾ വായിക്കുന്നതോ, കാണുന്നതോ, ചിന്തിക്കുന്നതോ, ഈ വകയിൽ ഏതെങ്കിലും തടസ്സമാകുന്നോ?

3. മദ്ധ്യസ്ഥലം ഇല്ലെന്നു മനസ്സിലാക്കിക്കൊണ്ട് വൻവിവാദത്തിൽ രണ്ടിൽ ഏതെങ്കിലും ഒരു ഭാഗത്താകാനുള്ള ആഗ്രഹം കൂടുതലായി ഉണ്ടാകട്ടെ. എന്ത് അനന്തരഫലമാണ് ഭയാനകമായ ആ സത്യത്തിൽനിന്നും മനസ്സിലാകുന്നത്? ഈവക കാര്യങ്ങൾ വ്യക്തമായി മനസ്സിലാകുമ്പോൾ തീരെ ചെറിയ കാര്യങ്ങളിൽ പ്പോലും നാം എത്ര ശ്രദ്ധാലുക്കൾ ആയിരിക്കണമെന്നു നമുക്ക് എങ്ങനെ മനസ്സിലാകും?